**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2212** **21-06-2024 - ൽ മറുപടിയ്ക്ക്**

**ആശാവർക്കർമാരുടെ ഓണറേറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആശാവർക്കർമാർക്ക് നിലവിൽ നൽകുന്ന ഓണറേറിയം എത്രയാണ് ; 2016 മുതൽ 2023 വരെയുള്ള കാലഘട്ടത്തിൽ എത്ര തവണ ഓണറേറിയം വർധിപ്പിച്ചിട്ടുണ്ട്; | (എ) | 7000 രൂപയാണ് നിലവിൽ ആശാ വർക്കർമാർക്ക് ഓണറേറിയമായി നൽകുന്നത്. 2016 ൽ ആശമാരുടെ ഓണറേറിയം 1500 രൂപയായിരുന്നു. പിന്നീട് 2017-18 ൽ ഇത് 2000 രൂപയായും, 2018 -19 ൽ 4000 രൂപയായും, 2019-20 ൽ 4500 രൂപയായും, 2020 -21 ൽ 5000 രൂപയായും, 2021-22 ൽ 6000 രൂപയായും വർധിപ്പിച്ചിട്ടുണ്ട്. 2023 ഡിസംബർ മാസത്തിൽ ആശമാരുടെ ഓണറേറിയം തുക 1000 രൂപ വർധിപ്പിച്ച് 7000 രൂപയാക്കിയിട്ടുണ്ട്. |
| (ബി) | ആശാവർക്കർമാർക്ക് ഡോക്ടർമാർ ഉൾപ്പെടെയുള്ള ആശുപത്രി ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള അവഗണന സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ ആശമാർക്ക് അവരുടെ പ്രവർത്തന മേഖലയിൽ ഉണ്ടാകുന്ന പരാതികൾ പരിശോധിക്കുന്നതിനായി പ്രാദേശിക തലത്തിലും ജില്ലാ തലത്തിലും പ്രശ്ന പരിഹാര കമ്മിറ്റികൾ 02.03.2023 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ)നം. 483/2023/ആ.കു.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ തീരുമാനിക്കാൻ സാധിക്കാത്ത പരാതികൾ സംസ്ഥാന തലത്തിൽ അപ്പീൽ ആയി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ